• പി.കെ. നിയാസ്

# ഇസ്‌ലാമോഫോബിയക്കെതിരെ ഒ.ഐ.സി

**ഇസ്‌ലാമിക ഭീകരവാദം എന്ന പടിഞ്ഞാറിന്റെ ഭീതിയും തങ്ങളുടെ വിശ്വാസ പ്രമാണങ്ങൾക്കുനേരെ പടിഞ്ഞാറൻ രാജ്യങ്ങളും സമൂഹവും നടത്തുന്ന കടന്നുകയറ്റങ്ങളെക്കുറിച്ച മുസ്‌ലിം സമുദായത്തിന്റെ ആശങ്കയും അകറ്റുന്നതിന് അമുസ്‌ലിം ലോകവുമായുള്ള ആശയവിനിമയം വർധിപ്പിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് ഒ.ഐ.സി ഉച്ചകോടി വിരൽ ചൂണ്ടി.**

**സെനഗൽ** തലസ്ഥാനമായ ദക്കറിൽ കഴിഞ്ഞയാഴ്ച നടന്ന ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കോൺഫറൻസിന്റെ (ഒ.ഐ.സി) ഉച്ചകോടി ആഗോള തലത്തിൽ വർധിച്ചു വരുന്ന ഇസ്‌ലാം വിരുദ്ധ മനോഭാവമാണ് കാര്യമായി ചർച്ച ചെയ്തത്. 57 മുസ്‌ലിം രാജ്യങ്ങളുടെ ഒത്തുചേരൽ എന്നതിൽ കവിഞ്ഞ് 150 കോടി വരുന്ന മുസ്‌ലിംകളുടെ വിശ്വാസ പ്രമാണങ്ങൾക്കുനേരെയുള്ള കടന്നുകയറ്റങ്ങൾക്കെതിരെ ക്രിയാത്മകമായി എന്തെങ്കിലും ചെയ്യണമെന്ന തോന്നലെങ്കിലും ഉണ്ടാക്കുന്നതിൽ വിജയിച്ചുവെന്നു പറയാം. ഇസ്‌ലാമിക ഭീകരവാദം എന്ന പടിഞ്ഞാറിന്റെ ഭീതിയും തങ്ങളുടെ വിശ്വാസ പ്രമാണങ്ങൾക്കുനേരെ പടിഞ്ഞാറൻ രാജ്യങ്ങളും സമൂഹവും നടത്തുന്ന കടന്നുകയറ്റങ്ങളെക്കുറിച്ച മുസ്‌ലിം സമുദായത്തിന്റെ ആശങ്കയും അകറ്റുന്നതിന് അമുസ്‌ലിം ലോകവുമായുള്ള ആശയവിനിമയം വർധിപ്പിക്കേണ്ടതിന്റെ അനിവാര്യതയിലേക്ക് ഉച്ചകോടി വിരൽ ചൂണ്ടി.

ഇസ്‌ലാം വിദ്വേഷം നിരീക്ഷിക്കാൻ മുസ്‌ലിം രാജ്യങ്ങൾ നേരത്തെ തന്നെ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംഭവങ്ങളുടെ റിപ്പോർട്ടുകൾ മാസംതോറും പുറത്തിറക്കാറുമുണ്ട്. ഇസ്‌ലാമിനെയും ഖുർആനെയും പ്രവാചകനെയും അപകീർത്തിപ്പെടുത്തുന്ന രചനകളെയും പ്രസ്താവനകളെയും നിയമപരമായി നേരിടണമെന്ന ആവശ്യമാണ് ഇത്തവണ ഉച്ചകോടിയിൽ മുഴങ്ങിയത്. ഇതിനായി മുസ്‌ലിം രാജ്യങ്ങൾ യു.എന്നിൽ ഒറ്റക്കെട്ടായി ശബ്ദമുയർത്തും. യൂറോപ്പിൽ ഹോളോകാസ്റ്റിനെ വിമർശിക്കുന്നത് ശിക്ഷാർഹമായ കുറ്റമാക്കിയതുപോലെ ഇസ്‌ലാം വിദ്വേഷ പ്രചാരണങ്ങൾ നിയമം മൂലം നിരോധിക്കണമെന്ന ആവശ്യവും ഉയരുകയുണ്ടായി. മതത്തെ അടിസ്ഥാനമാക്കിയുള്ള വിവേചനങ്ങൾ അപലപിക്കുന്ന യു.എൻ ചാർട്ടറുകൾ നിലവിലുള്ള കാര്യവും ഉച്ചകോടി ചർച്ച ചെയ്തു. അക്കാദമിക തലത്തിൽ ഇസ്‌ലാമിനെ വിമർശിക്കുന്നതിന് ആരും എതിരല്ലെന്നും എന്നാൽ ഇകഴ്ത്തലും വിമർശനവും രണ്ടാണെന്നും പ്രതിനിധികൾ ചൂണ്ടിക്കാട്ടി.

അമേരിക്കയെ മനസ്സിലാക്കുന്നതിൽ മുസ്‌ലിംകൾക്കു പറ്റിയ പാളിച്ചയും ഇസ്‌ലാമിനെ അറിയുന്നതിൽ അമേരിക്കൻ ജനതക്കു പറ്റിയ പാളിച്ചയുമാണ് പ്രശ്നമെന്ന് ഉച്ചകോടിയിൽ പങ്കെടുത്ത യു.എസ് പ്രസിഡന്റ് ജോർജ് ഡബ്ല്യു. ബുഷിന്റെ പ്രതിനിധി സാദ കംബർ പറഞ്ഞു. തീവ്രവാദം വരുന്നത് നാഗരികതളുടെ സംഘട്ടനം കാരണമല്ല, അജ്ഞതകൾ തമ്മിലുള്ള സംഘർഷം കാരണമാണെന്നും യു.എസ് പ്രതിനിധിക്ക് അഭിപ്രായമുണ്ട്.

അമേരിക്കയുടെ നേതൃത്വത്തിൽ ഇറാനെതിരെ നടത്തുന്ന നീക്കങ്ങളെ അപലപിക്കുന്ന പ്രമേയങ്ങളൊന്നും ഉച്ചകോടി പാസ്സാക്കിയില്ലെങ്കിലും അംഗരാജ്യങ്ങൾക്കിടയിലെ സാഹോദര്യവും സഹകരണവും ഊട്ടിയുറപ്പിക്കണമെന്ന ആഹ്വാനം പതിവുപോലെ മുഴങ്ങി. ഒ.ഐ.സിയിലെ സമ്പന്ന രാജ്യങ്ങൾ ആഫ്രിക്കയിലെ ദരിദ്ര രാജ്യങ്ങളെ അവഗണിക്കുകയാണെന്ന പരാതിയും മുഴങ്ങുകയുണ്ടായി. സാഹോദര്യം ആശയപരമായല്ല, പ്രാവർത്തിക തലത്തിലാണ് വേണ്ടതെന്ന് ഗിനിയൻ പ്രധാനമന്ത്രി ലൻസാന കുയാതെ മാധ്യമ പ്രവർത്തകരോടു പറഞ്ഞത് ശ്രദ്ധേയമായി.

# മലേഷ്യയിൽ ഇസ്‌ലാമിസ്റ്റ് മുന്നേറ്റം

**മാർച്ച്** എട്ടിന് നടന്ന മലേഷ്യൻ പാർലമെന്റ് തെരഞ്ഞെടുപ്പിനെ ശ്രദ്ധേയമാക്കുന്നത് രാജ്യം നിലവിൽവന്നതു മുതൽ ഭരണം കൈയാളുന്ന യുണൈറ്റഡ് മലയ്സ് നാഷനൽ ഓർഗനൈസേഷൻ (ഉംനോ) നേതൃത്വം നൽകുന്ന ബാരിസാൻ നാഷനൽ മുന്നണിക്കേറ്റ തിരിച്ചടിയും പ്രതിപക്ഷ പാർട്ടികൾ നടത്തിയ ശക്തമായ മുന്നേറ്റവുമാണ്. ഭരണമുന്നണി അധികാരം നിലനിർത്തിയെങ്കിലും മുന്നണി നേതൃത്വവും രാഷ്ട്രീയ നിരീക്ഷകരും അതൊരു വിജയമായി കണക്കാക്കുന്നില്ല. 1969 മുതൽ എല്ലാ തെരഞ്ഞെടുപ്പുകളിലും മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ അധികാരത്തിലേറാറുള്ള മുന്നണിക്ക് ഇത്തവണ കേവല ഭൂരിപക്ഷത്തിനുള്ള സീറ്റുകൾ മാത്രമാണ് ലഭിച്ചത്. മുന്നണിയുടെ ചരിത്രത്തിലെ ഏറ്റവും ദയനീയ തകർച്ചയാണ് ഇത്തവണ കണ്ടത്. 222 അംഗ പാർലമെന്റിൽ 82 സീറ്റുകളും (36.9 ശതമാനം) പ്രതിപക്ഷ പാർട്ടികൾ കൈയടക്കിയപ്പോൾ 140 സീറ്റുകളാണ് പ്രധാനമന്ത്രി അബ്ദുല്ല ബദവി നേതൃത്വം നൽകുന്ന ഭരണ മുന്നണിക്ക് കിട്ടിയത്. ബദവി തന്നെ വീണ്ടും പ്രധാനമന്ത്രിയായി സ്ഥാനമേറ്റു.

ദേശീയ തലത്തിൽ മാത്രമല്ല, പ്രദേശിക തലത്തിലും ഭരണകക്ഷിക്ക് തിരിച്ചടിയേറ്റു. 13 സംസ്ഥാനങ്ങളിൽ അഞ്ചിടങ്ങളിൽ പ്രതിപക്ഷം ഭരണം പിടിച്ചെടുക്കുകയായിരുന്നു. 2004-ൽ ഒരു സംസ്ഥാനത്തിന്റെ ഭരണം മാത്രമേ പ്രതിപക്ഷത്തിന് ഉണ്ടായിരുന്നുള്ളൂ.

തെരഞ്ഞെടുപ്പിൽ എടുത്തുപറയേണ്ട മുന്നേറ്റം കാഴ്ചവെച്ചത് മുൻ ഉപപ്രധാനമന്ത്രി അൻവർ ഇബ്‌റാഹിമിന്റെ നേതൃത്വത്തിലുള്ള പീപ്പിൾസ് ജസ്റ്റിസ് പാർട്ടിയും (പി.കെ.ആർ) ഇസ്‌ലാമിസ്റ്റുകളായ പാൻ മലേഷ്യൻ ഇസ്‌ലാമിക് പാർട്ടിയും (പാസ്) ഡെമോക്രാറ്റിക് ആക്ഷൻ പാർട്ടിയും (ഡി.എ.പി)ആണ്.

2004-ൽ ഒരു സീറ്റു മാത്രമുണ്ടായിരുന്ന പീപ്പിൾസ് ജസ്റ്റിസ് പാർട്ടി 31 സീറ്റ് ജയിച്ചടക്കി തകർപ്പൻ മുന്നേറ്റമാണ് നടത്തിയത്. അൻവർ ഇബ്‌റാഹിമിന്റെ ഭാര്യ ഡോ. വാൻ അസീസ വാൻ ഇസ്മഈൽ നേതൃത്വം നൽകുന്ന പാർട്ടിയുടെ വിജയിച്ച പ്രമുഖരിൽ അവരുടെ മകൾ നൂറുൽ ഇസ്സയും ഉൾപ്പെടുന്നു. പാസും ഡി.എ.പിയുമായാണ് നേട്ടം കൊയ്ത പാർട്ടികളിൽ തൊട്ടു പിറകിൽ. 2004-ൽ ഏഴു സീറ്റുമാത്രമായിരുന്ന പാസ് ഇത്തവണ 23 സീറ്റുകൾ നേടിയപ്പോൾ ഡി.എ.പിക്ക് 28 സീറ്റ് ലഭിച്ചു. എന്നാൽ ഭരണ മുന്നണിക്ക് 58 സീറ്റും അതിന് നേതൃത്വം നൽകുന്ന ബദാവിയുടെ ഉംനോക്ക് 30 സീറ്റും നഷ്ടമായി.

ഇസ്‌ലാമിസ്റ്റുകൾ ഉൾപ്പെടെ അഞ്ച് പ്രതിപക്ഷ പാർട്ടികൾ ഭരണകക്ഷിക്കെതിരെ ഐക്യത്തോടെ പോരാടിയതാണ് ഇലക്ഷൻ ഫലത്തിൽ വൻ മാറ്റമുണ്ടാക്കിയത്. ബാരിസാൻ റക്‌യത് (ജനകീയ മുന്നണി) എന്ന പേരിൽ സഖ്യമുണ്ടാക്കിയ ഈ പാർട്ടികൾ പരസ്പരം മത്സരിക്കരുതെന്ന് ധാരണയിലെത്തിയിരുന്നു. രാജ്യത്ത് വർധിച്ചുവരുന്ന കുറ്റകൃത്യങ്ങളും അഴിമതിയും തടയുന്നതിലും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിലും ഗവൺമെന്റ് പരാജയപ്പെട്ടതാണ് പ്രതിപക്ഷം പ്രചാരണായുധമാക്കിയത്. പതിവുപോലെ ഭരണമുന്നണി പ്രചാരണങ്ങൾക്ക് പണം വാരിയെറിഞ്ഞപ്പോൾ പ്രതിപക്ഷ പാർട്ടികൾ ജനങ്ങളുടെ സഹകരണമാണ് തേടിയത്. പാസ് നേതാവ് അബ്ദുൽ ഹാദി അവാംഗ് ടെലിവിഷൻ സംവാദത്തിന് വെല്ലുവിളിച്ചെങ്കിലും പ്രധാനമന്ത്രി അബ്ദുല്ല ബദവി തയാറായില്ല. ബദവീ ഭരണത്തിന്റെ പാളിച്ചകൾ വിമർശിക്കുന്നതിൽ അദ്ദേഹത്തിന്റെ മുൻഗാമി മഹാതീർ മുഹമ്മദും മുൻപന്തിയിലുണ്ടായിരുന്നു.

നിലവിൽ കെലന്തൻ സംസ്ഥാനത്തിന്റെ ഭരണം മാത്രമേ പ്രതിപക്ഷത്തിന്റെ നിയന്ത്രണത്തിലുണ്ടായിരുന്നുള്ളൂ. 1990 മുതൽ ഇവിടെ പാസ് ആണ് വിജയിച്ചുവരുന്നത്. മലേഷ്യൻ ഉപദ്വീപിന്റെ വടക്കു-കിഴക്ക് തായ്‌ലന്റുമായി അതിർത്തി പങ്കിടുന്ന ഈ സംസ്ഥാനം ദാറുൽ നഈം എന്ന അറബി പേരിലും വിളിക്കപ്പെടുന്നു. 1957-ൽ മലേഷ്യ സ്വതന്ത്രമായി രണ്ടു വർഷത്തിനുശേഷമാണ് കെലന്തനിൽ പ്രഥമ തെരഞ്ഞെടുപ്പ് നടക്കുന്നത്. ഇസ്‌ലാമിക പാർട്ടിയായ പാസ്



*അബ്ദുൽ ഹാദീ അവാംഗ്*



*അൻവർ ഇബ്‌റാഹിം*



*നൂറുൽ ഇസ്സ*

ബഹുഭൂരിപക്ഷത്തോടെ അധികാരത്തിലേറി. തുടർച്ചയായി 18 വർഷം സംസ്ഥാന ഭരണം പാസിന്റെ നിയന്ത്രണത്തിലായിരുന്നു. എന്നാൽ 78-ലെ തെരഞ്ഞെടുപ്പിൽ പാസിന് അധികാരം നഷ്ടമായി. തുടർന്നുള്ള 12 വർഷം ബാരിസാൻ മുന്നണിയാണ് സംസ്ഥാനം ഭരിച്ചത്. 90-ൽ പാസ് ഭരണം തിരിച്ചുപിടിച്ചു. തിരിച്ചുവരവ് ഗംഭീരമായിരുന്നു. പ്രതിപക്ഷത്തെ ഒരൊറ്റയാളെയും ജയിപ്പിക്കാതെ 39 സീറ്റുകളിലും പാസ് നേതൃത്വം നൽകിയ എ.പി.യു മുന്നണി വിജയക്കൊടി നാട്ടി. ബാരിസാന്റെ ദുർഭരണത്തിന് കെലന്തനിലെ ജനങ്ങൾ നൽകിയ താക്കീതായാണ് ഇലക്ഷൻ ഫലം വിലയിരുത്തപ്പെട്ടത്. അയൽ സംസ്ഥാനമായ തെരംഗാനുവിലും 1959 മുതൽ 62വരെയും 99 മുതൽ 2004 വരെയും പാസാണ് ഭരണം കൈയാളിയിരുന്നത്. 1995-ലും 99-ലും 2004-ലും പാസിന്റെ ഉരുക്കുകോട്ടയായി നിലനിന്ന കെലന്തനെ ഇത്തവണ കൈപ്പിടിയിലൊതുക്കുമെന്ന പ്രഖ്യാപനവുമായാണ് ഫെഡറൽ ഗവൺമെന്റിന് നേതൃത്വം നൽകുന്ന ബാരിസാൻ മുന്നണി ഇലക്ഷൻ പ്രചാരണങ്ങൾ തുടങ്ങിയത്.

ഫണ്ടുകൾ മരവിപ്പിച്ചും വികസന പദ്ധതികൾ നടപ്പാക്കാതെയും സംസ്ഥാനത്തിന്റെ പുരോഗതി തടസ്സപ്പെടുത്താനുള്ള നീക്കങ്ങളാണ് കേന്ദ്ര ഭരണകൂടം സ്വീകരിച്ചുപോന്നിരുന്നത്. പാസിനെ വിജയിപ്പിച്ച സംസ്ഥാനത്തെ ജനങ്ങളെ ശിക്ഷിക്കുന്ന രീതിയിലുള്ള നടപടികളുമായി മുന്നോട്ടു പോയതോടൊപ്പം അധികാരത്തിൽ തിരിച്ചെത്തിച്ചാൽ ഇതിനൊക്കെ മാറ്റമുണ്ടാകുമെന്നും ബാരിസാൻ പ്രചരിപ്പിച്ചു. തന്റെ പാർട്ടിയെ വിജയിപ്പിച്ചാൽ സംസ്ഥാനത്തെ 500 പള്ളികൾ കേടുപാടുകൾ തീർക്കുകയോ പുനർനിർമിക്കുകയോ ചെയ്യുമെന്നാണ് ഉംനോയുടെ പ്രചാരണത്തിന് നേതൃത്വം കൊടുത്ത ഡെപ്യൂട്ടി മന്ത്രി അവാംഗ് ആദിക് ഹുസൈൻ നൽകിയ വാഗ്ദാനം. എന്നാൽ വോട്ടർമാർ ഇത്തവണയും പാസിനെ കൈവിട്ടില്ല. 45 സീറ്റുകളിൽ മുപ്പത്തിയെട്ടും നേടി വൻ വിജയമാണ് ഇസ്‌ലാമിസ്റ്റുകൾ കൊയ്തത്.

കെലന്തനു പുറമെ കെദയിലും പാസ് തനിച്ച് ഭൂരിപക്ഷം നേടിയപ്പോൾ, ബാരിസാൻ പാർട്ടിയുടെ ഉരുക്കുകോട്ടയായ സെലാംഗർ, പെരാക്ക്, തലസ്ഥാന നഗരി ഉൾപ്പെടുന്ന ക്വാലാലമ്പൂർ എന്നിവയിൽ പാസ് ഉൾപ്പെടുന്ന പ്രതിപക്ഷ പാർട്ടികൾ വിജയക്കൊടി നാട്ടി. പെനാംഗിൽ അൻവർ ഇബ്റാഹിമിന്റെ പാർട്ടിക്കാണ് ഭൂരിപക്ഷം.

1956-ലാണ് പാസ് രൂപം കൊണ്ടത്. മുസ്‌ലിം ഭൂരിപക്ഷ രാജ്യമായ മലേഷ്യയെ ജനാധിപത്യ മൂല്യങ്ങൾ മുറുകെപ്പിടിച്ച് മാതൃകാ ഇസ്‌ലാമിക രാജ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് പാർട്ടി പ്രവർത്തിക്കുന്നത്.

മലേഷ്യൻ സംസ്ഥാനങ്ങളിൽ പാസ് ഭരിക്കുന്ന കെലന്തനാണ് നിയമവാഴ്ചയിൽ മികച്ച റെക്കോർഡുള്ളത്. അധാർമിക വൃത്തികൾക്കെതിരെ കർക്കശ നിലപാട് സ്വീകരിക്കുമ്പോഴും സമാധാനപരമായി പ്രവർത്തിക്കുന്ന പാർട്ടിയെന്ന പ്രതിഛായ പാസിനുണ്ട്. 1999-ൽ 27 പാർലമെന്റ് സീറ്റുകൾ നേടിയിരുന്ന പാസ് പഴയ ശക്തി വീണ്ടെടുത്തിരിക്കുന്നുവെന്നതാണ് ഇത്തവണത്തെ ഫലം നൽകുന്ന സൂചന. 2004-ൽ കേവലം ഏഴു സീറ്റിൽ ഒതുങ്ങിപ്പോയത് പാർട്ടിക്കേറ്റ വൻ തിരിച്ചടിയായിരുന്നു. അബ്ദുൽ ഹാദീ അവാംഗ് ഉൾപ്പെടെയുള്ള നേതാക്കൾ പരാജയപ്പെട്ടു. ഇത്തവണ തെരംഗാനു സംസ്ഥാനത്തെ മാരാംഗ് പാർലമെന്റ് മണ്ഡലത്തിൽനിന്ന് സാമാന്യം നല്ല ഭൂരിപക്ഷത്തോടെയാണ് അവാംഗ് തെരഞ്ഞെടുക്കപ്പെട്ടത്. ■

## ഇറാൻ തെരഞ്ഞെടുപ്പിൽ ബുഷിന് കൊട്ട്

**ഇറാനിലെ** പാർലമെന്റ് തെരഞ്ഞെടുപ്പിൽ പാരമ്പര്യവാദികൾ വൻ വിജയം നേടിയത് അമേരിക്കയെയും കൂട്ടാളികളെയും വല്ലാതെ നിരാശപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടാണ് തെരഞ്ഞെടുപ്പു ഫലം പുറത്തുവന്നയുടൻ വൈറ്റ് ഹൗസും യൂറോപ്യൻ യൂനിയനുമൊക്കെ ഇലക്ഷൻ നീതിപൂർവകമല്ലെന്ന പതിവു പല്ലവിയുമായി രംഗത്തുവന്നത്. പരിഷ്കരണവാദികൾ എന്നു തങ്ങൾ വിളിക്കുന്ന വിഭാഗത്തിൽപെട്ട നിരവധി പേർക്ക് മത്സരിക്കാനുള്ള അവകാശം നിഷേധിച്ചതാണ് പടിഞ്ഞാറൻ മേലാളന്മാരെ ചൊടിപ്പിച്ചത്.

ഗവൺമെന്റ് കമ്മിറ്റികളും, ശീഈ പുരോഹിതരും നിയമജ്ഞരും ഉൾപ്പെടുന്ന 12-അംഗ ഗാർഡിയൻ കൗൺസിലും അംഗീകരിച്ചാലേ തെരഞ്ഞെടുപ്പിൽ മത്സരിക്കാനാവൂ. 7,600-ലേറെ സ്ഥാനാർഥികളിൽ 60 ശതമാനം പേർക്കേ ഈ കടമ്പ കടക്കാനായുള്ളൂ.

2005ൽ അഹ്മദീ നിജാദ് പ്രസിഡന്റായപ്പോഴും ഇതേ പല്ലവി കേട്ടതാണ്.

ഒടുവിലത്തെ വിവരമനുസരിച്ച് 290-അംഗ മജ്‌ലിസിൽ (പാർലമെന്റ്) 205 സീറ്റുകളിലെ ഫലം മാത്രമേ ഇതുവരെ ലഭ്യമായിട്ടുള്ളൂ. 163 സീറ്റുകളിലും അഹ്മദീ നിജാദിനോട് കൂറു പുലർത്തുന്നവരാണ് ജയിച്ചത്. ഈ വിഭാഗത്തിന് 73 ശതമാനം സീറ്റുകൾ ലഭിച്ചു. പരിഷ്കരണവാദികൾക്ക് 40 സീറ്റുകളാണ് ലഭിച്ചത്. ജയിച്ച പ്രമുഖരിൽ ആണവ ചർച്ചകളിൽ ഇറാനെ നയിച്ചിരുന്ന അലി ലാറിജാനിയും ഉൾപ്പെടും. ബഹുഭൂരിപക്ഷം ജനങ്ങളും രാജ്യത്തിന്റെ ആണവോർജ പദ്ധതിയെ അനുകൂലിക്കുന്നുണ്ടെന്നാണ് തെരഞ്ഞെടുപ്പു ഫലം തെളിയിക്കുന്നതെന്ന് പ്രസ്തുത പദവിയിൽനിന്ന് ഈയിടെ ഒഴിഞ്ഞ ലാറിജാനി ചൂണ്ടിക്കാട്ടുന്നു.

ആണവ പദ്ധതിയുടെ പേരു പറഞ്ഞ് അമേരിക്കയുടെ നേതൃത്വത്തിൽ യു.എൻ രാക്ഷാസമിതി ഇറാനുമേൽ മൂന്നാംവട്ട ഉപരോധം ഏർപ്പെടുത്തിയത് ഇലക്ഷന് അൽപം മുമ്പാണ്. ഇതിലൂടെ അഹ്മദീ നിജാദിനെതിരെ ജനകീയ വികാരം ഇളക്കിവിടാമെന്നാണ് ബുഷ് കണക്കുകൂട്ടിയത്. എന്നാൽ വോട്ടർമാർ ബുഷിനെയും കൂട്ടാളികളെയും പരിഹസിച്ചുവിടുകയാണ് ചെയ്തിരിക്കുന്നത്. അടുത്ത വർഷം നടക്കാനിരിക്കുന്ന പ്രസിഡന്റ് തെരഞ്ഞെടുപ്പിന്റെ ഫലവും വ്യത്യസ്തമാകില്ലെന്നാണ് നിരീക്ഷകർ വിലയിരുത്തുന്നത്.

തക്കാളി വില മുതൽ വീട്ടുവാടക വരെ വൻ തോതിൽ ഉയർന്നിരിക്കുന്നു. പണപ്പെരുപ്പത്തിൽ റെക്കോർഡ് വർധന (19 ശതമാനം) യാണുണ്ടായിരിക്കുന്നത്. ഇതൊക്കെയാണെങ്കിലും തങ്ങൾ അഹ്മദീ നിജാദിനൊപ്പമാണെന്ന് പറയുന്ന സ്ത്രീ വോട്ടർമാരെയാണ് ടെഹ്റാനിലും പ്രാന്ത പ്രദേശങ്ങളിലും കാണാനായതെന്ന് *ക്രിസ്റ്റ്യൻ സയൻസ് മോണിട്ടർ* ലേഖകൻ സ്കോട്ട് പീറ്റേഴ്സൻ എഴുതുന്നു.